**കേരളസർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - താനാളൂർ ഗ്രാമപഞ്ചായത്ത് അനുമതിയില്ലാതെ കമ്പ്യൂട്ടർ വാങ്ങിയ നടപടി സാധൂകരിച്ചു കൊണ്ടും താഴെക്കോട് ഗ്രാമപഞ്ചായത്തിന് അധികമായി 4 കമ്പ്യൂട്ടർ വാങ്ങാൻ അനുമതി നൽകിയും ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഐബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ.1560/2012/തസ്വഭവ, തിരുവനന്തപുരം,തീയതി, 07.06.2012**

---

പരാമർശം:- 1. സ.ഉ.(സാധാ)1972/2011/തസ്വഭവ തീയതി, 22.08.2011.

2. താനാളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.03.2012ലെ പിആർഇ-04/2011 നമ്പർ കത്ത്.

3. താഴെക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.02.2012-ലെ കത്ത്.

**ഉത്തരവ്**

ഇൻഫർമേഷൻ കേരള മിഷൻ സ്പെസിഫിക്കേഷൻ പ്രകാരമുള്ള 9 എണ്ണം വരെ കമ്പ്യൂട്ടറുകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഉൾപ്പെടുത്തി DGS&D Rate Contract അടിസ്ഥാനത്തിൽ വാങ്ങുന്നതിന് പരാമർശം (1) ലെ . ഉത്തരവു പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു. എന്നാൽ നിലവിലുള്ള 14 കമ്പ്യൂട്ടറുകൾക്ക് പുറമെ പുതുതായി 3 കമ്പ്യൂട്ടറുകൾ കൂടി വാങ്ങിയ നടപടി സാധൂകരിച്ചു നൽകണമെന്ന് പരാമർശം (2) കത്തു പ്രകാരം താനാളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും നിലവിലുള്ള 9 കമ്പ്യൂട്ടറുകൾ അപര്യാപ്തമായതിനാൽ 4 കമ്പ്യൂട്ടറുകൾ കൂടി അധികം വാങ്ങുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം താഴെക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റും സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. താനാളൂർ ഗ്രാമപഞ്ചായത്ത് അനുമതിയില്ലാതെ അധികമായി 3 കമ്പ്യൂട്ടറുകൾ വാങ്ങിയ നടപടിയ്ക്ക് സാധൂകരണം നൽകിക്കൊണ്ടും, അധികമായി 4 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് താഴെക്കോട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകിക്കൊണ്ടും ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എം.ഷാഹുൽ ഹമീദ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്/സെക്രട്ടറി, താനാളൂർ ഗ്രാമപഞ്ചായത്ത്
പ്രസിഡന്റ്/സെക്രട്ടറി, താഴെക്കോട് ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ